LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗക്കാർക്ക് ഭവന പുനരുദ്ധാരണ പദ്ധതി

254(2460) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്ക് ഭവനപുനരുദ്ധാരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് പട്ടികവർഗ്ഗ വികസന വകുപ്പും വിവിധ സർക്കാർ ഏജൻസികളും മുൻപ് അനുവദിച്ച് നല്കിയിരുന്നതും നിലവിൽ വാസ യോഗ്യമല്ലാത്തതും ഭാഗീകമായി മാത്രം വാസയോഗ്യമായതുമായ വീടുകളുടെ പണി പൂർത്തീകരിക്കുന്നതിനും അറ്റകുറ്റപണി, നവീകരണം എന്നിവയ്ക്കും ധനസഹായം നൽകി പട്ടികവർഗ്ഗക്കാരുടെ ഭൗതിക സുരക്ഷിതത്വം ഉറപ്പു വരുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) പ്രസ്തുത പദ്ധതിക്കായി 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ 5 കോടി രൂപ വീതം അനുവദിച്ച് നൽകിയിരുന്നു.

യുവജനക്ഷേമബോർഡ് നൽകിയ പരസ്യങ്ങൾ

255(2461) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനക്ഷേമ ബോർഡ് എത്ര രൂപയുള്ള പരസ്യങ്ങൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരസ്യങ്ങൾ ആർക്കൊക്കെ നൽകി എന്ന് വിശദമാക്കുമോ;

(സി) പ്രതിവർഷം എത്ര രൂപയുള്ള പരസ്യങ്ങൾ നൽകുന്നതിനാണ് യുവജനക്ഷേമ ബോർഡിന് അനുമതിയുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം പദ്ധതികളുടെ പരസ്യങ്ങളാണ് ഇത്തരത്തിൽ നൽകിയത് എന്നുള്ള പദ്ധതി തിരിച്ച കണക്ക് വ്യക്തമാക്കുമോ?